മലങ്കര സുറിയാനി കത്തോലിക്കാസഭ

തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 24 2019 ഡിസംബർ ലക്കം 12





സെന്റ് എഫ്രേം കട്കി ഭദ്രാസനത്തിന്റെ സ്ഥാപന പ്രഖ്യാപനം
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിക്കുന്നു (23 – 11 – 2019, പൂന)



സെന്റ് എഫ്രേം കട്കി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി
നിയമിതനായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയെ അത്യഭിവന്ദ്യ കാതോലിക്കാബാവാ
തിരുമേനി അഭിനന്ദിക്കുന്നു (23 – 11 – 2019, പൂന)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

To Unite In Love

വാല്യം 24 | 2019 ഡിസംബർ | ലക്കം 12

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

## MAJOR ARCHDIOCESE OF TRIVANDRUM

Rt. Rev. Msgr. Dr. Mathew Manakarakavil
Corepiscopo
Chief Vicar General

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM
KERALA-695004

01-11-2019

### സർക്കുലർ

### നാമഹേതുക തിരുന്നാൾ - ജില്ലാ അജപാലന യോഗങ്ങൾ

പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, വിശ്വാസികളെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുന്നാൾ ജനുവരി ഒന്നാം തീയതിയാണ്. ബാവാ തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ബസേലിയോസ് സ്വാധീനശക്തിയുള്ള ദൈവശാസ്ത്രപണ്ഡിതനും വിശുദ്ധിയുടെ ഉറവിടവും കാരുണ്യവാനുമായ സഭാപിതാവായിരുന്നു. പൗരസ്ത്യ സന്യാസത്തിന്റെ പിതാവായ വി. ബസേലിയോസ് വിശ്വാസ വിരുദ്ധ സമീപനത്തിനെതിരെ ഉറച്ച നിലപാട് സ്വീകരിച്ച വ്യക്തിത്വമാണ്. പാവങ്ങളോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള വി. ബസേലിയോസിന്റെ പ്രതിബദ്ധത അനിതരസാധാരണമായിരുന്നു. അദ്ദേഹത്തിന്റെ ദർശനവും നന്മയും നൂറ്റാണ്ടുകളായി സഭയെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നു.

വി. ബസേലിയോസിന്റെ നാമധാരിയായ നമ്മുടെ പിതാവ് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ തിരുമേനി, മറ്റുള്ളവരോടു കാരുണ്യം കാണിക്കുന്നതിൽ നിതാന്ത ജാഗ്രത പുലർത്തുന്നു. പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുന്നതിലും രോഗികൾക്കും അശരണർക്കും ശുശ്രൂഷ നൽകുന്നതിലും തിരുമേനി പ്രത്യേകം ശ്രദ്ധിക്കുന്നു. അനിതര സാധാരണമായ കഠിനാധ്വാനവും ദൈവാശ്രയ ബോധത്തിൽ നിന്നും ലഭിക്കുന്ന ശക്തിയും തന്റെ സഭാ സാമൂഹ്യ നേതൃത്വ ശുശ്രൂഷകൾ നിറവേറ്റുന്നതിൽ പിതാവിനെ ശക്തനാക്കുന്നു. കഴിഞ്ഞ 12 വർഷത്തിനിടയിൽ പൊതുസമൂഹത്തിന്റെ നന്മയ്ക്കായി ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പിതാവ് പുലർത്തിയ സവിശേഷമായ

ശ്രദ്ധ ആരേയും അത്ഭുതപ്പെടുത്തുന്നതാണ്. വി. ബസേലിയോസി നെപ്പോലെ സഭയുടെ ഐക്യം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ ഹൃദയത്തിൽ ചേർത്തുവച്ചിരിക്കുന്ന നിയോഗമാണ്. എല്ലാ സഭാവിഭാഗങ്ങളോടും രാഷ്ട്രീയകക്ഷികളോടും, നാനാ ജാതിമതസ്ഥരോടും തുറവിയുള്ള സമീപനമാണ് ബാവാ തിരുമേനി പുലർത്തുന്നത്. വി. ബസേലിയോസിൽ നിഴലിച്ചുനിന്ന അതേ ധൈര്യമാണ് സങ്കീർണ്ണമായ വിഷയങ്ങളിൽ ബാവാ തിരുമേനി പ്രകടമാക്കുന്നത്. എല്ലാ രാഷ്ട്രീയ, സാമൂഹിക, മത നേതാക്കന്മാരോടും സമഭാവനയോടെ ഇടപെടുന്ന ബാവാ തിരുമേനിയുടെ ദാർശനികതയും ദേശസ്നേഹവും കർമ്മകുശലതയും പിതാവിനെ ക്രൈസ്തവരുടെ മാത്രമല്ല പൊതു സമൂഹത്തിന്റെയും പ്രിയങ്കരനാക്കി മാറ്റി.

നാമഹേതുക തിരുനാളിന്റെ ഭാഗമായുള്ള പൊതുവായ ആഘോഷങ്ങൾ **2020 ജനുവരി 2-ാം തീയതി വ്യാഴാഴ്ചയാണ്** ക്രമീകരിച്ചിരിക്കുന്നത്. 2-ാം തീയതിക്ക് മുമ്പും പിമ്പുമുള്ള ദിവസങ്ങളിൽ കാതോലിക്കാബാവാ തിരുമേനിയെ വ്യക്തിപരമായും കൂട്ടായും കണ്ട് ആശംസകളർപ്പിക്കുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും. ജനുവരി 2-ാം തീയതി വ്യാഴാഴ്ച രാവിലെ 8.00 മണിക്ക് പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ സമൂഹബലി ഉണ്ടായിരിക്കുന്നതാണ്. വി. സമൂഹബലിയിൽ നമ്മുടെ എല്ലാ ബഹു. വൈദികരും സഹകാർമ്മികരായി സംബന്ധിക്കണമെന്ന് അത്യഭിവന്ദ്യ ബാവാതിരുമേനി ആഗ്രഹിക്കുന്നു.

സ്വർഗീയ മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ സന്ദർഭം സഭയ്ക്കും പൊതുസമൂഹത്തിനും അത്യഭിവന്ദ്യ ബാവാ തിരുമേനി നല്കിക്കൊണ്ടിരിക്കുന്ന വിലപ്പെട്ട നേതൃത്വത്തിന് പിൻബലം നൽകുന്നതിനുള്ള അവസരം കൂടിയാണ്. മുൻവർഷങ്ങളിലെപ്പോലെ നാമഹേതുക തിരുനാളാഘോഷം അശരണർക്ക് സഹായമെത്തിക്കുവാനുള്ള അവസരമാകണമെന്നാണ് ബാവാതിരുമേനി ആഗ്രഹിക്കുന്നത്. നാമഹേതുക തിരുനാളിനോടനുബന്ധിച്ച് ലഭിക്കുന്ന ചാരിറ്റി ഫണ്ട് അടിയന്തിര പ്രാധാന്യമുള്ള സാമൂഹ്യസംരംഭങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കുന്നത്.

2008-ലെ ചാരിറ്റി ഫണ്ട് കാട്ടാക്കടയിൽ ആരംഭിച്ച ബേത്‌ലഹേം ബോയ്സ് ഹോമിനുവേണ്ടിയും, 2009-ലേത് നാലാഞ്ചിറയിലാരംഭിച്ച ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ് സ്നേഹവീടിനുവേണ്ടിയും

ഉപയോഗിച്ചു. 2010-ലെ സംഭാവനകൾ പത്തനംതിട്ട ചീക്കനാലിൽ പ്രവർത്തിക്കുന്ന ആശ്വാസഭവൻ സ്പെഷ്യൽ സ്കൂളിനുവേണ്ടിയാണ് ഉപയോഗിച്ചത്. 2011-ലെ സംഭാവനകൾ പിരപ്പൻകോട് സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹോസ്പിറ്റലിനുവേണ്ടിയും, 2012-ലേത് പിരപ്പൻകോട് മലങ്കര മെഡിക്കൽ വില്ലേജിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനും ഉപയോഗിക്കുകയുണ്ടായി. 2013-ലെ സംഭാവനകൾ ജാതിമതഭേദമന്യേ ഭവനരഹിതരായ 50 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ഓരോ ലക്ഷം രൂപ വീതം നല്കുന്നതിനു വേണ്ടി ഉപയോഗിച്ചു. 2014-ലെ ചാരിറ്റി ഫണ്ട് ചികിത്സാർത്ഥം തിരുവനന്തപുരത്തെത്തുന്ന പാവപ്പെട്ടവർക്കുവേണ്ടിയുള്ള സാന്ത്വനം എന്ന ഭവനത്തിനു വേണ്ടിയാണ് ഉപയോഗിച്ചത്. 2015-ലെ ചാരിറ്റി ഫണ്ട് പിരപ്പൻകോട് മലങ്കര മെഡിക്കൽ വില്ലേജിൽ മാർ ഗ്രിഗോറി യോസ് തിരുമേനിയുടെ ജന്മശതാബ്ദി സ്മാരകമായി ആരംഭിച്ച ക്യാൻസർ കെയർ ഹോമിനു വേണ്ടിയും 2016-ലെ ഫണ്ട് തിരുവനന്തപുരം മേജർ അതിരൂപതയിലെ വിശ്രമജീവിതം നയിക്കുന്ന ബഹു. വൈദികർക്കുവേണ്ടിയുള്ള സായൂജ്യം എന്ന വൈദിക ഭവന നിർമ്മാണത്തിനായും ഉപയോഗിച്ചു. 2017-ലെ ചാരിറ്റി ഫണ്ട് ഒറീസ, ആന്ധ്ര എന്നീ മിഷൻ മേഖലകളിലെ ശുശ്രൂഷാ വേദികൾക്കായി നൽകി. 2018-ലെ ചാരിറ്റി ഫണ്ട് തിരുവനന്തപുരത്തെ തീരദേശ മേഖലയിൽ ഉണ്ടായ ഓഖി പ്രകൃതി ക്ഷോഭത്തിന് ഇരയായവരുടെ പുനരധിവാസത്തിനും 2019-ലേത് പ്രളയ ദുരിതത്തിലായവരുടെ പുനരധിവാസ, ക്ഷേമ പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിച്ചത്. അതത് വർഷം ലഭിച്ച ചാരിറ്റി ഫണ്ടിന്റെ പൂർണ്ണവിവരം സ്പെഷ്യൽ ബുള്ളറ്റിനിലൂടെ ഏവരെയും അറിയിക്കുന്നുണ്ട്.

ഈ വർഷം (2020) ബാവാ തിരുമേനിയുടെ നാമഹേതുക തിരുന്നാളിന്റെ ഭാഗമായി ലഭിക്കുന്ന ചാരിറ്റി ഫണ്ട്, പാവപ്പെട്ടവരും നിരാലംബരും മനോദൗർബല്യം ഉള്ളവരുമായ സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി ഒരു ഭവനം നിർമ്മിക്കുന്നതിനായി ഉപയോഗിക്കുവാൻ ബാവാ തിരുമേനി ആഗ്രഹിക്കുന്നു. നിരാലംബരും മനോദൗർബല്യം അനുഭവിക്കുന്നവരുമായ അമ്മമാരും സഹോദരിമാരും നമ്മുടെ സ്നേഹവും പരിഗണനയും അർഹിക്കുന്നവരാണ്. അവർക്കു നല്കുന്ന സഹായം നമ്മുടെ കുടുംബങ്ങൾക്കും

തലമുറകൾക്കും തന്നെ അനുഗ്രഹമാകുമെന്നതിൽ സംശയമില്ല. വിധവയുടെ കണ്ണുനീരിന് അപ്പോൾതന്നെ പ്രത്യുത്തരം നല്കുന്ന യേശുവിനെയാണ് സുവിശേഷം നമുക്ക് വെളിപ്പെടുത്തുന്നത്.

താഴെപ്പറയുന്ന തീയതികളിൽ ബഹു. ജില്ലാ വികാരിയച്ചൻമാർ വിളിച്ചു കൂട്ടുന്ന ജില്ലാ അജപാലന സമിതി യോഗത്തിൽ അത്യഭിവന്ദ്യ ബാവാതിരുമേനി നേരിട്ട് പങ്കെടുക്കുന്നതും, ഇടവക പ്രതിനിധികളെയും സ്ഥാപനമേധാവികളെയും ബഹു. വൈദികരെയും സന്ന്യസ്തരെയും നേരിൽ കാണുന്നതതുമാണ്. അജപാലകൻ എന്ന നിലയിൽ നമ്മുടെ മേജർ അതിഭദ്രാസനത്തിലെ എല്ലാ ഇടവകകളുമായും സ്ഥാപനങ്ങളുമായും സന്ന്യാസഭവനങ്ങളുമായും വൈദികരുമായും അത്യഭിവന്ദ്യ ബാവാ തിരുമേനി നേരിട്ട് ബന്ധപ്പെടുന്നതിനുള്ള അവസരമായാണ് ഇത് ക്രമീകരിക്കുന്നത്.

ജില്ലാ അജപാലന സന്ദർശനത്തിന്റെ സമാപനത്തിൽ ആ ജില്ലയിലുള്ള ഇടവകകൾക്കും സ്ഥാപനങ്ങൾക്കും സമർപ്പിത ഭവനങ്ങൾക്കും വ്യക്തികൾക്കും വന്ദ്യപിതാവിനെ ചാരിറ്റി ഫണ്ട് നേരിട്ട് ഏൽപ്പിക്കാവുന്നതാണ്.

| | | |
|---|---|---|
| 2019 ഡിസംബർ 8 | 2.00 pm - 5.00 pm | പുനലൂർ (പുനലൂർ) |
| 2019 ഡിസംബർ 9 | 9.00 am - 1.00 pm | അഞ്ചൽ (അഞ്ചൽ) |
| 2019 ഡിസംബർ 9 | 2.00 pm - 5.00 pm | ആയൂർ (ആയൂർ) |
| 2019 ഡിസംബർ 11 | 9.00 am - 1.00 pm | അടൂർ (അടൂർ) |
| | 2.00 pm - 5.00 pm | കൊട്ടാരക്കര (കിഴക്കേത്തെരുവ്) |
| 2019 ഡിസംബർ 12 | 2.00 pm - 5.00 pm | കഴക്കൂട്ടം (കാര്യവട്ടം) |
| 2019 ഡിസംബർ 13 | 9.00 am - 1.00 pm | നെടുമങ്ങാട് (തൃപ്പാദം) |
| 2019 ഡിസംബർ 14 | 9.00 am - 1.00 pm | കിളിമാനൂർ (പിരപ്പൻകോട്) |
| 2019 ഡിസംബർ 15 | 2.00 pm - 5.00 pm | തിരുവനന്തപുരം (കത്തീഡ്രൽ) |
| 2019 ഡിസംബർ 16 | 9.00 am - 1.00 pm | സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്, (ജനറൽസ്, പ്രൊവിൻഷ്യൽസ്) (മേജർ ആർച്ചുബിഷപ്പ്സ് ഹൗസ്) |
| 2019 ഡിസംബർ 17 | 9.00 am - 1.00 pm | തിരുവനന്തപുരത്തുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ (മേജർ ആർച്ചുബിഷപ്പ്സ് ഹൗസ്) |

2019 ഡിസംബർ 23 9.00 am - 01.00 pm
3.30 pm - 5.00 pm വ്യക്തികൾ, കുടുംബങ്ങൾ
(മേജർ ആർച്ചുബിഷപ്സ് ഹൗസ്)

2019 ഡിസംബർ 31 9.00 am - 12.00 pm വിവിധ പ്രേഷിതകാര്യാലയങ്ങൾ
(മേജർ ആർച്ചുബിഷപ്സ് ഹൗസ്)

നാമഹേതുകതിരുനാളിന്റെ ഭാഗമായി അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയെ നേരിട്ട് കണ്ട് ആശംസകളർപ്പിക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ബാവാതിരുമേനിയുടെ സെക്രട്ടറി ബഹു. ജേക്കബ് ഇളമ്പള്ളൂർ അച്ചനുമായി ബന്ധപ്പെടേണ്ടതാണ് (**ഫോൺ: 8547856764**). ബഹുമാനപ്പെട്ട വൈദികരെ ജനുവരി 2-ാം തീയതി വി. കുർബാനയ്ക്കുശേഷം ബാവാതിരുമേനി നേരിൽ കാണാൻ ആഗ്രഹിക്കുന്നു.

നാമഹേതുക തിരുനാളിന്റെ ഭാഗമായി 2020 ജനുവരി 2-ാം തീയതി വ്യാഴാഴ്ച നടക്കുന്ന വിശുദ്ധ സമൂഹബലിയിലും തുടർന്ന് നടക്കുന്ന മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കർമ്മോത്സവം-2020 പരിപാടിയിലും നമ്മുടെ എല്ലാ ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും വിശ്വാസികളും വന്ന് സംബന്ധിക്കണമെന്നും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്നും പ്രത്യേകം അഭ്യർത്ഥിക്കുന്നു.

വചനിപ്പുകാലത്തിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

സ്നേഹപൂർവ്വം,



മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പ
തിരുവനന്തപുരം മേജർ അതിരൂപതയുടെ
മുഖ്യവികാരി ജനറാൾ.

N.B: ഈ സർക്കുലർ/ഉള്ളടക്കം അടുത്തുവരുന്ന ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും സന്യസ്ത ഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# സഭാ വാർത്തകൾ

## നാമഹേതുക തിരുനാൾ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ബസേലിയോസിന്റെ തിരുനാൾ ജനുവരി 2-ന് ആചരിക്കും. 2020 ജനുവരി 2-ാം തീയതി രാവിലെ 7.00-ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വി. കുർബാന അർപ്പിക്കും. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും ബഹു. വൈദികരും സഹകാർമ്മികരാകും. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയെ വ്യക്തിപരമായി നേരിൽ കാണുന്നതിനും തിരുനാൾ മംഗളങ്ങൾ നേരുന്നതിനും അവസരമുണ്ടായിരിക്കും. ഈ വർഷത്തെ (2020) ബാവാ തിരുമേനിയുടെ നാമഹേതുക തിരുന്നാളിന്റെ ഭാഗമായി ലഭിക്കുന്ന ചാരിറ്റി ഫണ്ട്, പാവപ്പെട്ടവരും നിരാലംബരും മനോദൗർബല്യം ഉള്ളവരുമായ സ്ത്രീകളുടെ സംരക്ഷണത്തിനു വേണ്ടി ഒരു ഭവനം നിർമ്മിക്കുന്നതിനായി ഉപയോഗിക്കുവാനാണ് അത്യഭിവന്ദ്യ ബാവാ തിരുമേനി ആഗ്രഹിക്കുന്നത്.

## സെന്റ് എഫ്രേം പൂന-കട്കി എക്സാർക്കേറ്റിനെ ഭദ്രാസനമായി ഉയർത്തി

സെന്റ് എഫ്രേം പൂന-കട്കി എക്സാർക്കേറ്റിനെ പരി. ഫ്രാൻസിസ് മാർപാപ്പ ഭദ്രാസനമായി ഉയർത്തി. അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനി പ്രഥമ മെത്രാപ്പോലീത്തയാകും. പൂന സെന്റ് മേരീസ് കത്തീഡ്രലിൽ 2019 നവംബർ 23-ന് വൈകുന്നേരം 4.30-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രഖ്യാപിച്ചു. റോമിലും പ്രാദേശിക സമയം ഉച്ചയ്ക്ക് 12.00-ന് പ്രഖ്യാപനമുണ്ടായി. മഹാരാഷ്ട്ര, ആന്ധ്ര, തെലുങ്കാന, ഗോവ സംസ്ഥാനങ്ങളും കർണ്ണാടക, തമിഴ്നാട് എന്നിവയുടെ ചില പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് പുതിയ ഭദ്രാസനം. പുതിയ ഭദ്രാസനത്തിന്റെ അതിർത്തികൾ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ കാനോനിക ഭൂപ്രകൃതിയുടെ ഭാഗമായി മാറി. 33 ഇടവകകളും വിവിധ മിഷൻ സെന്ററുകളും ഉൾപ്പെട്ട 8 മിഷൻ മേഖലകളാണ് ഭദ്രാസനത്തിനുള്ളത്. 32 വൈദികരും ബഥനി, മേരിമക്കൾ സന്യാസിനീ സമൂഹങ്ങളുടെ ഭവനങ്ങളും പ്രവർത്തിക്കുന്നു.

അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയുടെ ഭദ്രാസന മെത്രാപ്പോലീത്തയായുള്ള സ്ഥാനാരോഹണം 2020 ജനുവരി 14 രാവിലെ 10.00-ന് പൂനെ സെന്റ് മേരീസ് കത്തീഡ്രലിൽ നടക്കും.

## പാസ്റ്ററൽ ട്രെയിനിംഗ് 2019

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ഡീക്കന്മാർക്കുവേണ്ടി നടത്തപ്പെടുന്ന പാസ്റ്ററൽ ട്രെയിനിംഗ് 2019 ഒക്ടോബർ 29 മുതൽ നവംബർ 3 വരെ പട്ടം കാതോലിക്കേറ്റ് സെന്ററിൽ നടന്നു. വിവിധ ഭദ്രാസനങ്ങളിൽനിന്നും ബഥനി സന്യസ്തസമൂഹത്തിൽ നിന്നുമായി 33 ഡീക്കന്മാർ പരിശീലനത്തിൽ പങ്കെടുത്തു. പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി ആമുഖസന്ദേശം നൽകി. അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, വിൻസെന്റ് മാർ പൗലോസ്, യൂഹാനോൻ മാർ തെയഡോഷ്യസ് എന്നീ പിതാക്കന്മാരും വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായ വ്യക്തികളും ക്ലാസുകൾക്ക് നേതൃത്വം നൽകി. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി സമാപനസന്ദേശം നൽകി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## സഭാതല സുവിശേഷസംഘം

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സുവിശേഷ സംഘത്തിൽ കൈവയ്പ് സ്വീകരിച്ച 6-ാം ബാച്ച് അംഗങ്ങളുടെ സംഗമം പട്ടം കാതോലിക്കേറ്റ് സെന്ററിൽ 2019 നവംബർ 9, 10 തീയതികളിൽ നടത്തപ്പെട്ടു. ക്ലാസുകൾ, പങ്കുവയ്ക്കൽ, കുമ്പസാരം, ധ്യാനം തുടങ്ങിയവ ഉൾപ്പെടുത്തിയ സംഗമത്തിന് റവ. ഡോ. ആന്റണി കാക്കനാട്ട്, റവ. ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി., സി. ഡോ. മേരി പ്രസാദ് എന്നിവർ നേതൃത്വം നൽകി. വിവിധ ഭദ്രാസനങ്ങളിൽനിന്ന് 50 പേർ സംബന്ധിച്ചു.

## കൊയ്നോണിയ

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദൈവശാസ്ത്ര കമ്മീഷന്റെ ആഭിമുഖ്യത്തിൽ സഭയിലെ ദൈവശാസ്ത്ര പണ്ഡിതന്മാരുടെ മീറ്റിംഗ് (കൊയ്നോണിയ) 2019 നവംബർ 14-ന് പട്ടം

കാതോലിക്കേറ്റ് സെന്ററിൽ നടന്നു. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി ഈ സംഗമം ഉദ്ഘാടനം ചെയ്തു. ദൈവ ശാസ്ത്ര കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ യൂലിയോസ് തിരുമേനി അധ്യക്ഷപ്രസംഗം നടത്തി. '*എക്യുമെനിക്കൽ എക്ലേസിയോളജി*' എന്ന വിഷയത്തിൽ റവ. ഡോ. എം.ഒ. ജോൺ (മലങ്കര ഓർത്തഡോക്സ് സഭ), റവ. ഡോ. കുര്യാക്കോസ് മൂല യിൽ കോറെപ്പിസ്കോപ്പാ (യാക്കോബായ-സിറിയൻ ഓർത്ത ഡോക്സ് സഭ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പുത്തൂർ ഭദ്രാസന വികാരി ജനറാൾ റവ. ഡോ. എൽദോ പുത്തൻകണ്ടത്തിൽ മോഡറേറ്ററായിരുന്നു. മാർത്താണ്ഡം ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി സമാപനസന്ദേശം നൽകി. സഭയിലെ 50-ഓളം ദൈവശാസ്ത്ര പണ്ഡിതന്മാർ സെമിനാറിൽ പങ്കെടുത്തു.

## *Justitia* 2019

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ ഭദ്രാസന ങ്ങളിലെയും ട്രൈബ്യൂണലിന്റെ ചുമതല വഹിക്കുന്നവരുടെയും കാനൻ നിയമ വിദഗ്ധരുടെയും ദ്വിദിന സമ്മേളനം (*Justitia* 2019) 2019 നവംബർ 21, 22 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്റ റിൽ നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാ ടനം നിർവഹിച്ചു. വിവിധ ഭദ്രാസനങ്ങളിലെ വികാരി ജനറാൾമാർ, ചാൻസിലർമാർ, ജുഡീഷ്യൽ വികാരിമാർ, കാനൻ നിയമ വിദഗ്ധർ എന്നിവർ ഇതിൽ സംബന്ധിച്ചു. റവ. ഡോ. മൈക്കിൾ വട്ടപ്പലം, റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ ട്രൈബ്യൂ ണലിന്റെ പ്രസിഡന്റ് വെരി റവ. ഡോ. വർഗീസ് മനക്കലേട്ട് സമ്മേ ളനത്തിന് നേതൃത്വം നൽകി.

## മാനവ സൗഹാർദ്ദം മനുഷ്യനന്മയ്ക്ക്: അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി

മതത്തിനും ജാതിക്കും രാഷ്ട്രീയത്തിനും അതീതമായി മാനവ ഐക്യവും മതസൗഹാർദ്ദവും കാത്തുസൂക്ഷിക്കുവാൻ എല്ലാവരും ബാദ്ധ്യസ്ഥരാണെന്ന് അത്യഭിവന്ദ്യ ബാവാ തിരുമേനി അഭിപ്രായപ്പെട്ടു. കേരള മുസ്ലീം ജമാ അത്ത് കൗൺസിലിന്റെ നേതൃ ത്വത്തിലുള്ള നബിദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം

നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അത്യഭിവന്ദ്യ ബാവാ തിരുമേനി. കൗൺസിൽ പ്രസിഡന്റ് കരമന നബയാർ അദ്ധ്യക്ഷത വഹിച്ചു. പാളയം ഇമാം വി.പി. സുഹൈബ് മൗലവി, കൗൺസിൽ സെക്രട്ടറി പി. സെയ്യദലി തുടങ്ങിയവർ പ്രസംഗിച്ചു.

## പരിസ്ഥിതി പ്രശ്നങ്ങളിൽ കുട്ടികളുടെ ഇടപെടലിന് പ്രസക്തി വർദ്ധിക്കുന്നു: അത്യഭിവന്ദ്യ ബാവാ തിരുമേനി

പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ ദേശീയ സ്വഛത പരിസ്ഥിതി ഫെസ്റ്റിവലിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് "പരിസ്ഥിതി പ്രശ്നങ്ങളിൽ കുട്ടികളുടെ ഇടപെടലിന് പ്രസക്തി വർദ്ധിക്കുന്ന"തായി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രസ്താവിച്ചു. സ്വഛത പരിസ്ഥിതി ഫെസ്റ്റിവലിന്റെ ഭാഗമായി വിവിധ സ്കൂളുകൾ തയ്യാറാക്കിയ 50 ഹ്രസ്വ ഡോക്യുമെന്ററികൾ പ്രദർശിപ്പിച്ച ഈ മേളയിൽ മികച്ച ഡോക്യുമെന്ററികൾ തയ്യാറാക്കിയ സ്കൂളുകൾക്കുള്ള പുരസ്കാരവും അത്യഭിവന്ദ്യ ബാവാതിരുമേനി വിതരണം ചെയ്തു. ശ്രീ. വി. കെ. പ്രശാന്ത് എം.എൽ.എ., മേയർ ശ്രീ. കെ. ശ്രീകുമാർ എന്നിവർ സംബന്ധിച്ചു. ക്രമീകരണങ്ങൾക്ക് സ്കൂൾ പ്രിൻസിപ്പൽ റവ. ഡോ. സി.സി. ജോൺ, ഹെഡ്മാസ്റ്റർ എബി എബ്രഹാം എന്നിവർ നേതൃത്വം നൽകി.

## കലാപ്രതിഭയ്ക്ക് അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ പ്രോത്സാഹനം

പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി തിരുവനന്തപുരം ജില്ലാ സ്കൂൾ കലോത്സവത്തിൽ വിവിധ നൃത്ത ഇനങ്ങളിൽ ഒന്നാം സമ്മാനം നേടിയ ഗൗതമിന് സംസ്ഥാന തലത്തിൽ മത്സരിക്കുന്നതിന് എല്ലാ പിന്തുണയും പ്രോത്സാഹനവും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വാഗ്ദാനം ചെയ്ത് അരലക്ഷം രൂപാ സമ്മാനമായി നൽകി. ചിലവേറിയ മത്സരവേദികളിൽ ഗൗതമിനെ എത്തിക്കുന്നതിന് സാമ്പത്തികമായി പ്രയാസപ്പെട്ടിരുന്ന മാതാപിതാക്കളായ മഹേശ്വരനും അമ്മ അനിതയ്ക്കും വലിയ ആശ്വാസമായി ഈ സമ്മാനം.

# അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ നാമഹേതുക തിരുനാൾ: വൈദികജില്ലാ സന്ദർശനം

അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ബസേലിയോസിന്റെ തിരുനാൾ 2020 ജനുവരി 2-ാം തീയതി തിങ്കളാഴ്ചയാണ് നാം ആഘോഷിക്കുന്നത്. നാമഹേതുക തിരുനാളിന്റെ അവസരം നമ്മുടെ മേജർ അതിഭദ്രാസനത്തിലെ എല്ലാ ഇടവകകളുമായും സ്ഥാപനങ്ങളുമായും സന്ന്യാസ ഭവനങ്ങളുമായും വൈദികരുമായും അത്യഭിവന്ദ്യ ബാവാ തിരുമേനി അജപാലകൻ എന്ന നിലയിൽ നേരിട്ട് ബന്ധപ്പെടുന്നതിനുള്ള അവസരമായിട്ടാണ് ഉപയോഗിക്കുന്നത്. ഈ വർഷം അത്യഭിവന്ദ്യ ബാവാ തിരുമേനി മേജർ അതിഭദ്രാസനത്തിലെ 9 വൈദികജില്ലകളിലും നേരിട്ടെത്തി ഇടവക പ്രതിനിധികളെയും സ്ഥാപന മേധാവികളെയും സന്ന്യസ്തരെയും വൈദികരെയും നേരിൽ കാണുന്നു. ഈ സന്ദർഭത്തിൽ മേജർ ആർച്ചുബിഷപ്പ്സ് ചാരിറ്റി ഫണ്ട് അദ്ദേഹം സ്വീകരിക്കും. ഇക്കഴിഞ്ഞ വർഷങ്ങളിലെല്ലാം തന്നെ നാമഹേതുക തിരുനാളിനോടനുബന്ധിച്ചുള്ള 'മേജർ ആർച്ചുബിഷപ്പ്സ് ചാരിറ്റി ഫണ്ട്' സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും നിരാലംബർക്കും വലിയ ആശ്വാസമായിട്ടുണ്ട്. ഈ വർഷത്തെ ചാരിറ്റി ഫണ്ട് പാവപ്പെട്ടവരും നിരാലംബരും മനോദൗർബല്യം ഉള്ളവരുമായ സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി ഒരു ഭവനം നിർമ്മിക്കുന്നതിനായി ഉപയോഗിക്കുവാനാണ് അത്യഭിവന്ദ്യ ബാവാതിരുമേനി ആഗ്രഹിക്കുന്നത്. ഔദാര്യപൂർവം നമുക്കിതിൽ പങ്കുചേരാം.

വൈദികജില്ലാകേന്ദ്രങ്ങളിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നടത്തുന്ന സന്ദർശനത്തിന്റെ സമയക്രമം ചുവടെ ചേർക്കുന്നു. നമ്മുടെ വത്സലപിതാവിന്റെ നാമഹേതുക തിരുനാൾ കൂടുതൽ സഭാത്മകമായും ആത്മീയമായും ആഘോഷിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

| | | |
|---|---|---|
| 2019 ഡിസംബർ 8 | 2.00 pm - 5.00 pm | പുനലൂർ (പുനലൂർ) |
| 2019 ഡിസംബർ 9 | 9.00 am - 1.00 pm | അഞ്ചൽ (അഞ്ചൽ) |
| 2019 ഡിസംബർ 9 | 2.00 pm - 5.00 pm | ആയൂർ (ആയൂർ) |
| 2019 ഡിസംബർ 11 | 9.00 am - 1.00 pm | അടൂർ (അടൂർ) |
| | 2.00 pm - 5.00 pm | കൊട്ടാരക്കര (കിഴക്കേത്തെരുവ്) |
| 2019 ഡിസംബർ 12 | 2.00 pm - 5.00 pm | കഴക്കൂട്ടം (കാര്യവട്ടം) |
| 2019 ഡിസംബർ 13 | 9.00 am - 1.00 pm | നെടുമങ്ങാട് (തൃപ്പാദം) |
| 2019 ഡിസംബർ 14 | 9.00 am - 1.00 pm | കിളിമാനൂർ (പിരപ്പൻകോട്) |
| 2019 ഡിസംബർ 15 | 2.00 pm - 5.00 pm | തിരുവനന്തപുരം (കത്തീഡ്രൽ) |
| 2019 ഡിസംബർ 16 | 9.00 am - 1.00 pm | സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്, (ജനറൽസ്, പ്രൊവിൻഷ്യൽസ്) (മേജർ ആർച്ചുബിഷപ്സ് ഹൗസ്) |
| 2019 ഡിസംബർ 17 | 9.00 am - 1.00 pm | തിരുവനന്തപുരത്തുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ (മേജർ ആർച്ചുബിഷപ്സ് ഹൗസ്) |
| 2019 ഡിസംബർ 23 | 9.00 am - 01.00 pm | |
| | 3.30 pm - 5.00 pm | വ്യക്തികൾ, കുടുംബങ്ങൾ (മേജർ ആർച്ചുബിഷപ്സ് ഹൗസ്) |
| 2019 ഡിസംബർ 31 | 9.00 am - 12.00 pm | വിവിധ പ്രേഷിതകാര്യാലയങ്ങൾ (മേജർ ആർച്ചുബിഷപ്സ് ഹൗസ്) |

## ദൈവാലയ കൂദാശ – കൊട്ടാരക്കര ടൗൺ

കൊട്ടാരക്കര വൈദികജില്ലയിലെ കൊട്ടാരക്കര ടൗൺ സെന്റ് മേരീസ് മലങ്കര സുറിയാനി ഇടവകയുടെ നവീകരിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം 2019 നവംബർ 15–ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ഇടവക വികാരി റവ. ഫാ. ആൽബർട്ട് വടക്കേമുറിയിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## കശീശ്ശോ പട്ടം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ 3 ബഹു. ഡീക്കന്മാർ 2019 ഡിസംബർ

26 ഉച്ചകഴിഞ്ഞ് 2.30-ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിക്കും.

### നവവൈദികരുടെ പ്രഥമ വിശുദ്ധ കുർബാനയർപ്പണം

| | | |
|---|---|---|
| ഡീ. ജോൺ ആലുവിള | ആയൂർ | 2019 ഡിസംബർ 28, 7.00 am |
| ഡീ. സാമുവൽ തോണ്ടുപറമ്പിൽ | നരിക്കൽ | 2019 ഡിസംബർ 28, 02.30 pm |
| ഡീ. ജോൺ പാലവിളകിഴക്കേതിൽ | അടൂർ | 2019 ഡിസംബർ 29, 8.00 am |

## പാസ്റ്ററൽ കോഴ്സ്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി വൈദിക പരിശീലനം പൂർത്തിയാക്കിയ ബഹു. ഡീക്കൻമാർക്ക് മേജർ അതി ഭദ്രാസനത്തിന്റെ വിവിധ പ്രേഷിതവേദികളും കാര്യാലയങ്ങളും മനസ്സിലാക്കുന്നതിനായുള്ള പാസ്റ്ററൽ കോഴ്സ് 2019 നവംബർ 4-8 വരെ നടത്തപ്പെട്ടു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി, വന്ദ്യ മോൺ. ഡോ. മാത്യു മനക്കരക്കാവിൽ, വന്ദ്യ മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, വെരി റവ. ഫാ. തോമസ് കയ്യാലയ്ക്കൽ, വെരി റവ. ഫാ. തോമസ് പൂവണ്ണാൽ, വെരി റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത്, റവ. ഫാ. ജോൺ അരീക്കൽ, വെരി റവ. ഫാ. ജോസ് കിഴക്കേടത്ത്, വെരി റവ. ഡോ. തോമസ് കുഴി നാപ്പുറത്ത്, റവ. ഫാ. ഡൊമിനിക് സാവിയോ മാമൂട്ടിൽ, റവ. ഫാ. തോമസ് മുകളുംപുറത്ത്, റവ. ഫാ. അരുൺ ഏറത്ത്, റവ. ഫാ. ഗോഡ് ജോയ് എന്നിവർ ക്ലാസ്സ് നയിച്ചു. ക്രമീകരണങ്ങൾക്ക് അതിഭദ്രാസന ചാൻസിലർ നേതൃത്വം നൽകി.

## വൈദികസമിതി-അവലോകന സമ്മേളനം

മേജർ അതിഭദ്രാസനത്തിലെ വൈദികസമിതിയുടെ വാർഷിക സമ്മേളനം 2019 നവംബർ 18, 19, 20 എന്നീ തീയതികളിൽ പാങ്ങോട് ബെൻസിഗർ മെമ്മോറിയൽ സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് നടന്നു. മേജർ അതിഭദ്രാസനത്തിലെ വിവിധ പ്രേഷിത വകുപ്പുകളുടെയും കാര്യാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും വാർഷിക വിലയിരുത്തലും അത്യഭിവന്ദ്യ കാതോലിക്കാബാവാ

തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. വൈദികസമിതി സെക്രട്ടറി വെരി റവ. ഡോ. ജോൺ കുറ്റിയിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ഭാരത് ശിക്ഷാ രത്തൻ അവാർഡ്

മേജർ അതിഭദ്രാസനാംഗവും പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലുമായ റവ. ഡോ. ജോൺ സി.സി. യ്ക്ക് ഡൽഹി ആസ്ഥാനമായുള്ള The Economic for Health and Educational Growth എന്ന സംഘടന നൽകുന്ന ദേശീയ സാമ്പത്തിക-സാമൂഹിക രംഗത്തെ വ്യക്തിഗത സംഭാവനയ്ക്കുള്ള 'ഭാരത് ശിക്ഷാ രത്തൻ അവാർഡ്' ലഭിച്ചു. 2019 നവംബർ 22-ന് ഡൽഹിയിൽ നടന്ന സെമിനാർ മദ്ധ്യേ ഈ അവാർഡ് ഡൽഹി സംസ്ഥാന സ്പീക്കർ ശ്രീ. രാംനിവാസ് ഗോയൽ സമ്മാനിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## സണ്ടേസ്കൂൾ X,XII ക്ലാസ്സുകളിലെ രജിസ്ട്രേഷൻ

2019-2020 അദ്ധ്യയന വർഷത്തെ X, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷ ഫീസ് ഇല്ലാതെ രജിസ്റ്റർ ചെയ്യുവാനുള്ള അവസാനതീയതി 2019 ഡിസംബർ 5 ഉം ഫീസോടുകൂടി ഡിസംബർ 30-ഉം ആണ്. ഇനിയും രജിസ്റ്റർ ചെയ്യുവാനുള്ള കുട്ടികൾ എത്രയും വേഗം രജിസ്റ്റർ ചെയ്യേണ്ടതാണ്. അപൂർണ്ണ മായ ഫോമുകൾ സ്വീകരിക്കുന്നതല്ല. പരീക്ഷാഫോമിൽ പതിപ്പി ക്കുന്ന ഫോട്ടോ 6 മാസത്തിനുള്ളിൽ എടുത്തിട്ടുള്ളതായിരിക്കണം.

## മലങ്കര ബൈബിൾ ഓറിയന്റേഷൻ ക്യാമ്പ് (എം.ബി.ഒ.സി.)

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസ പരിശീലന കാര്യാലയത്തിന്റെ നേതൃത്വത്തിലുള്ള എം.ബി.ഒ.സി. നടത്തുവാൻ താൽപര്യമുള്ള ഇടവകകൾ അതിഭദ്രാസന സണ്ടേ സ്കൂൾ കാര്യാലയത്തിൽ ബുക്ക് ചെയ്യുന്നതോടൊപ്പം ആവശ്യ മായ പുസ്തകങ്ങളുടെ എണ്ണവും (എൽ.കെ.ജി. & യു.കെ.ജി, ക്ലാസ്സ് 1-3, ക്ലാസ്സ് 4-7, ക്ലാസ്സ് 8-12) ബാഡ്ജുകളുടെ എണ്ണവും 2019 ഡിസംബർ 31-നകം അറിയിക്കേണ്ടതാണ്. എം.ബി.ഒ.സി. യുടെ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

## സന്മാർഗ്ഗപാഠ പരീക്ഷ 2019-2020

വിശ്വാസ പരിശീലന കാര്യാലയം നേതൃത്വം നൽകുന്ന സന്മാർഗ്ഗപാഠ പരീക്ഷ 2020 ജനുവരി 3-ാം തീയതി നടത്തുന്ന താണ്. അതാത് സ്കൂളുകളിലെ ഉത്തര കടലാസ്സുകൾ മൂല്യ നിർണ്ണയം ചെയ്ത് ഓരോ ക്ലാസ്സിലും ഒന്നാം സ്ഥാനം ലഭിക്കുന്ന ഉത്തര കടലാസ്സുകൾ വിശ്വാസപരിശീലന കാര്യാലയത്തിലേയ്ക്ക് 2020 ജനുവരി 20-ാം തീയതിയ്ക്കുള്ളിൽ ലഭിക്കത്തക്കവിധം അയച്ചുതരേണ്ടതാണ്.

## സന്മാർഗ്ഗപാഠ പരീക്ഷാ സമയം

| | |
|---|---|
| ക്ലാസ്സ് 1,3,5,7,9 | - രാവിലെ 10 മണി മുതൽ 12 മണി വരെ |
| ക്ലാസ്സ് 2,4,6,8,10 | - ഉച്ച കഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ |

# യുവോത്സവ് 2019

എം.സി.വൈ.എം. മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ യുവജനങ്ങളുടെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി നവംബർ 9-ാം തീയതി അഞ്ചൽ സെന്റ് ജോൺസ് സ്കൂളിൽ വച്ച് യുവോത്സവ് 2019 (മേജർ അതിഭദ്രസന കലാമത്സരങ്ങൾ) അഞ്ചൽ വൈദികജില്ല യുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു.

**ഓവറോൾ ട്രോഫികൾ കരസ്ഥമാക്കിയവർ**

| | | |
|---|---|---|
| **യുവോത്സവ്** | Ist - | തിരുവനന്തപുരം വൈദികജില്ല |
| | IInd - | അടൂർ വൈദികജില്ല |
| | IIIrd - | കൊട്ടാരക്കര വൈദികജില്ല |
| **തൂലിക** | Ist - | തിരുവനന്തപുരം വൈദികജില്ല |
| | IInd - | പുനലൂർ വൈദികജില്ല |
| | IIIrd - | കൊട്ടാരക്കര വൈദികജില്ല |
| **കയ്യെഴുത്ത്** | Ist - | പുനലൂർ വൈദികജില്ല |
| **മാസിക** | IInd - | തിരുവനന്തപുരം വൈദികജില്ല |
| | - | കഴക്കൂട്ടം വൈദികജില്ല |
| **ഓവറോൾ** | Ist - | തിരുവനന്തപുരം വൈദികജില്ല |
| | IInd - | പുനലൂർ വൈദികജില്ല |
| | IIIrd - | കൊട്ടാരക്കര വൈദികജില്ല |

# വാർഷികസെനറ്റും തിരഞ്ഞെടുപ്പും

എം.സി.വൈ.എം. വാർഷികസെനറ്റും മേജർ അതിഭദ്രാസന സമിതി തെരഞ്ഞെടുപ്പും 2019 ഡിസംബർ 21-ാം തീയതി പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. മേജർ അതിഭദ്രാസനത്തിലെ 9 വൈദികജില്ലകളിൽ നിന്നുള്ള പ്രവർത്തന റിപ്പോർട്ടും മേജർ അതിഭദ്രാസന പ്രവർത്തന റിപ്പോർട്ടും അവതരിപ്പിക്കേണ്ടതാണ്. വൈദികജില്ലകളിലെ പുതിയ ഭാരവാഹികൾ സെനറ്റിൽ ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്.

## കർഷക സ്വയം സഹായ സംഘം

തിരുവനന്തപുരം വൈദികജില്ല മൂന്നാംമൂട് ഇടവകയിൽ കർഷക സ്വയം സഹായ സംഘത്തിന്റെ വാർഷിക മീറ്റിംഗ് 2019 നവംബർ 6-ന് നടത്തി. റവ. ഫാ. ജോൺസൺ കൊച്ചുതുണ്ടിയിൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പരിപാടി ഉദ്ഘാടനം ചെയ്തു.

## SAFP - F.F.T (Family Facilitation Team ) മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ പരിപാടിയുടെ F.F.T മീറ്റിംഗ് 2019 നവംബർ 7-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ കുമാരി സൗപർണ്ണിക വി. മീറ്റിംഗിന് നേതൃത്വം നൽകി. ആനിമേറ്റേഴ്സ് ശ്രീ. രാജുമോൻ, ശ്രീമതി ജെസ്സി രാജൻ, ശ്രീമതി പുഷ്പം ജോസ്, ശ്രീമതി സിമി എസ്., ശ്രീമതി ഷീല രാജൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

## റ്റാലന്റോ - 2019

റ്റാലന്റോ 2019 എന്ന പേരിൽ വിവിധ ജില്ലകളിലായി കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സ്കിൽ മത്സരങ്ങൾ നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്ന് കോഴിക്കോട് വച്ച് 2019 നവംബർ 12-ന് നടത്തപ്പെട്ട ഇലക്ട്രിക്കൽ മത്സരങ്ങളിൽ Electrical Symbol Identification ൽ എബിൻ ജെ. രണ്ടാം സ്ഥാനവും, Two way switch boad wiring ൽ അരുൺ എ. മൂന്നാം സ്ഥാനവും, switch boad wiring ൽ റമീസ് മൂന്നാം സ്ഥാനവും, Working model presentation ൽ ശരത് എസ്., അമൽ എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. 2019 നവംബർ 14-ന് ആലപ്പുഴ വച്ചു നടത്തപ്പെട്ട Accounts മത്സര യിനങ്ങളിൽ എം.എസ്സ്.എസ്സ്.എസ്സ്.-നെ പ്രതിനിധീകരിച്ച് 4 കുട്ടി കൾ പങ്കെടുത്തു. തിരുവനന്തപുരം ജില്ലാമിഷന്റെ നേതൃത്വത്തിൽ

നടത്തപ്പെട്ട മത്സരങ്ങളിൽ എം.എസ്സ്.എസ്സ്.എസ്സ്. ന് Drama ൽ ഒന്നാം സ്ഥാനവും , Role play ൽ രണ്ടാം സ്ഥാനവും Typing test ൽ അഖിൽ ആർ.എസ്.-ന് മൂന്നാം സ്ഥാനവും ലഭിച്ചു.

## SAFP - Annual Review Meeting

2019 നവംബർ 12 മുതൽ 2019 നവംബർ 15 വരെ എറണാകുളം പാറപ്പുറം ഓഫീസ് ഐശ്വര്യ ഗ്രാമിൽ വച്ചു നടന്ന Annual Review Meeting ൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും കോർഡിനേറ്റർ കുമാരി സൗപർണ്ണിക വി. പങ്കെടുത്തു.

## രക്ഷാകർത്തൃ യോഗം

ബി.പി.ഒ. 5,6,7 ബാച്ചുകളുടെ രക്ഷാകർത്തൃ യോഗം 2019 നവംബർ 16-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു ഉച്ചയ്ക്ക് 2.30-ന് നടത്തപ്പെടുകയുണ്ടായി. കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർ ആര്യ പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുകയുണ്ടായി.

## സ്റ്റാഫ് മീറ്റിംഗ്

2019 നവംബർ 16-ന് ഡയറക്ടർ റവ. ഫാ.തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെട്ടു. ഓരോ പ്രോജക്ടുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർന്ന് 2020 ൽ നടത്താനിരിക്കുന്ന കർമ്മോൽ സവത്തെക്കുറിച്ചുള്ള ആലോചന മീറ്റിംഗ് നടത്തി വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

## വിലയിരുത്തൽ

ഈ വർഷത്തെ മേജർ അതിഭദ്രാസന പ്രസ്സ്ബിറ്ററൽ കൗൺസിൽ മീറ്റിംഗ് 2019 നവംബർ 18-ന് പാങ്ങോട് വച്ചു നടത്തിയതിൽ എം.എസ്സ്.എസ്സ്.എസ്സ് ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തന റിപ്പോർട്ടും 2018-2019 സാമ്പത്തികവർഷത്തിലെ കണക്കും അവതരിപ്പിച്ചു.

## കാരിത്താസ് ഇറ്റാലിയാ പ്രോജക്ട് അവലോകന മീറ്റിംഗ്

കോട്ടയം സോഷ്യൽ സർവ്വീസ് ഫോറത്തിൽ വച്ചു പ്രളയ ദുരന്ത നിവാരണ പ്രോജക്ടായ കാരിത്താസ് ഇറ്റലിയുടെ പ്രവർത്തന റിപ്പോർട്ടും കണക്കും 2019 നവംബർ 20-ന് എം.എസ്സ്. എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അവതരിപ്പിച്ചു.

## SSC (Skill Sector Course) മൂല്യ നിർണ്ണയം

DDU - GKY ടാലി 4,5,6,7 ബാച്ചുകളുടെയും ഇലക്ട്രിക്കൽ 3 ബാച്ചിന്റെയും സെക്ടർ സ്കിൽ കൗൺസിൽ പരീക്ഷകൾ നവംബർ 20,21,22,23 തീയതികളിലായി എം.എസ്സ്.എസ്സ്.എസ്സ്.ൽ വച്ചു നടത്തപ്പെട്ടു.

## CRM പുതിയ ബാച്ചുകൾ

Customer Relation Management Course ന്റെ പുതിയ ക്ലാസ് 2019 നവംബർ 25-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു രക്ഷാകർത്തൃ യോഗത്തോടെ ആരംഭിച്ചു.

## മൊബിലൈസേഷൻ - കരുംകുളം

DDU - GKY പ്രോജക്ടിന്റെ മൊബിലൈസേഷൻ 2019 നവംബർ 26-ന് കരുംകുളം പഞ്ചായത്തിൽ വച്ചു നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ് നെ പ്രതിനിധീകരിച്ച് ശ്രീ. ജെസ്റ്റിൻ റ്റി.എസ്., ശ്രീ. ജിജേഷ് മോൻ എന്നിവർ പങ്കെടുത്തു.

## SAFP കുടുംബ സഹായ പദ്ധതി - നെടുമങ്ങാട്, അഞ്ചൽ, പോത്തൻകോട്

SAFP കുടുംബ സഹായ പദ്ധതിയിൽ നിന്നും 2019 നവംബർ 26-ന് വിവിധ തൊഴിൽ പദ്ധതികൾക്ക് വേണ്ടി നെടുമങ്ങാട് മേഖലയിലെ 8 കുടുംബങ്ങൾക്ക് 1,31,000 രൂപയും, അഞ്ചൽ മേഖലയിലെ 3 കുടുംബങ്ങൾക്ക് 27,000 രൂപയും, പോത്തൻകോട് മേഖലയിലെ 9 കുടുംബങ്ങൾക്ക് 1,11,000 രൂപയും ധനസഹായം നൽകി.

## LIC

എം.എസ്സ്.എസ്സ്.എസ്സ്. ഏജൻസിയുടെ LIC യിൽ നിന്നും ജീവൻ മധൂർ പോളിസി എടുത്ത 12 വർഷം കാലാവധി പൂർത്തിയായ 900 പോളിസി ഉടമകൾക്ക് LIC തിരുവനന്തപുരം ബ്രാഞ്ച് ഓഫീസിൽ നിന്നും പോളിസി തുക ലഭിക്കുകയുണ്ടായി.

### വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 20 കുടുംബങ്ങൾക്ക് 2,69,000 രൂപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 13,000 രൂപയും നൽകി.

## Major Archieparchial Tribunal News

| Prot.No. | Petitioner/ Respondent | Decision | Date |
|---|---|---|---|
| MAET-386/19 | Lovely Babu/ Jojo P. J | Affirmative | 14/11/2019 |

# മലങ്കര കാത്തലിക് അസോസിയേഷൻ

## മാനേജിംഗ് കമ്മിറ്റി

തിരുവനന്തപുരം മേജർ അതിഭദ്രാസന മാനേജിംഗ് കമ്മിറ്റി 2019 ഡിസംബർ 8-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് കിഴക്കേത്തെരുവ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## അല്മായ സംഗമം

2020 ഫെബ്രുവരി 1-ാം തിയതി രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ അഞ്ചലിൽ വച്ചു നടത്തപ്പെടുന്നു.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2019 ഡിസംബർ 13, 14, 15 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2020 ജനുവരി 11, 11, 12 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

## ഇടയനാളാഗമം

### നവംബർ 2019

### (പ്രധാന പരിപാടികൾ)

**നവംബർ 1**

രാവിലെ 11.00-ന് പാലാ അൽഫോൻസാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെ വാർഷിക ധ്യാനത്തിൽ സമാപനസന്ദേശം നൽകി.

**നവംബർ 2**

രാവിലെ 7.30-ന് കടമാൻകുളം സേക്രട്ട് ഹാർട്ട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ റവ. ഫാ. റെജി മനക്കലേത്തിന്റെ വത്സല മാതാവിന്റെ 25-ാം ചരമവാർഷിക ത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് അനുസ്മരണസന്ദേശം നൽകി.

വൈകുന്നേരം 5.00-ന് തിരുവല്ല മാക്ഫാസ്റ്റ് കോളേജിൽ റേഡിയോ മാക്ഫാസ്റ്റിന്റെ 10-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**നവംബർ 3**

രാവിലെ 9.00-ന് കുടശ്ശനാട് സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ പ്ലാറ്റിനം ജൂബിലി യോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ഉച്ചയ്ക്ക് 3.00-ന് കാതോലിക്കേറ്റ് സെന്ററിൽ ബഹു. ഡീക്കന്മാരുടെ പാസ്റ്ററൽ കോഴ്സിൽ സമാപനസന്ദേശം നൽകി.

വൈകുന്നേരം 6.00-ന് പട്ടം കത്തീഡ്രലിൽ തിരുവനന്തപുരം വൈദികജില്ലാ മലങ്കര കാത്തലിക് കൺവെൻഷനിൽ സമാപന സന്ദേശം നൽകി.

വൈകുന്നേരം 7.00-ന് യാക്കോബായ സഭയിലെ അഭിവന്ദ്യരായ ജോസഫ് മാർ ഗ്രിഗോറിയോസ്, ഐസക് മാർ ഒസ്താത്തിയോസ് എന്നീ തിരുമേനിമാരുമായും ബഹു. കേന്ദ്രമന്ത്രി ശ്രീ. മുരളീധരനു മായും തിരുസന്നിധിയിൽ കൂടിക്കാഴ്ച നടത്തി.

**നവംബർ 4**

ഉച്ചയ്ക്ക് 12.00–ന് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. ഡീക്കൻമാരുടെ പാസ്റ്ററൽ കോഴ്സിൽ ആമുഖ സന്ദേശം നൽകി.

വൈകുന്നേരം 6.00–ന് ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ തിരുമേനി, ലത്തീൻ അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് തിരുമേനി എന്നിവരുമായി തിരുസന്നിധിയിൽ കൂടിക്കാഴ്ച നടത്തി.

**നവംബർ 5**

രാവിലെ 9.30–ന് നബിദിനത്തോടനുബന്ധിച്ച് കേരള മുസ്ലീം ജമാ–അത്ത് ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

**നവംബർ 8**

രാവിലെ 7.00–ന് ബത്തേരി മൂലങ്കാവ് ബഥനി മഠത്തിൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ചു.

ഉച്ചയ്ക്ക് 12.30–ന് ബത്തേരി ഡി.എം. കോൺവെന്റ് സന്ദർശിച്ചു.

വൈകുന്നേരം 7.00–ന് ബത്തേരി ബഥനി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

**നവംബർ 9**

രാവിലെ 9.00–ന് പുൽപ്പള്ളി സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്ന വന്ദ്യ മാത്യു മുണ്ടകൊടിയിൽ കോറെപ്പിസ്കോപ്പയുടെ സ്ഥാനാരോഹണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**നവംബർ 10**

ഉച്ചയ്ക്ക് ബാംഗ്ലൂർ മത്തിക്കര സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

**നവംബർ 11**

ഉച്ചയ്ക്ക് 2.00-ന് ബത്തേരി സെന്റ് ജോസഫ് ഓഡിറ്റോറിയത്തിൽ വച്ച് ശ്രീ. ശശി തരൂർ എം.പി.ക്ക് പുൽപ്പള്ളി പഴശ്ശിരാജാ കോളേജ് ഏർപ്പെടുത്തിയ പഴശ്ശിരാജാ അവാർഡും ശ്രീ. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. യ്ക്ക് ജനമിത്ര അവാർഡും നൽകി ആദരിച്ചു.

**നവംബർ 12**

ചെന്നൈയിൽ വച്ച് നടന്ന സഹപാഠികളുടെ കൂട്ടായ്മയിൽ പങ്കെടുത്തു.

**നവംബർ 13**

രാവിലെ 11.45-ന് മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം 7.00-ന് പത്തനംതിട്ട ഭദ്രാസനത്തിന്റെ വിരമിത മെത്രാപ്പോലീത്താ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ നാമഹേതുക തിരുനാൾ ആഘോഷത്തിന്റെ ഭാഗമായുള്ള 'സൗഹാർദ്ദ സംഗമ'ത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

**നവംബർ 14**

രാവിലെ 10.00-ന് കാതോലിക്കേറ്റ് സെന്ററിൽ സിനഡൽ കമ്മീഷൻ ഫോർ തിയോളജി സംഘടിപ്പിച്ച 'എക്യൂമെനിക്കൽ എക്ലെസിയോളജി' എന്ന സിംപോസിയം ഉദ്ഘാടനം ചെയ്തു.

രാവിലെ 11.00-ന് നാലാഞ്ചിറ മാർ ബസേലിയോസ് എൻജിനിയറിംഗ് കോളേജിൽ 'യൂത്ത് എക്സലൻസ് അവാർഡ്' ദാന ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

വൈകുന്നേരം 6.00-ന് സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ നടന്ന മിഷൻ ലേലത്തിൽ സംബന്ധിച്ചു.

**നവംബർ 15**

രാവിലെ 10.30-ന് നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ 39-ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

ഉച്ചയ്ക്ക് 2.30-ന് കൊട്ടാരക്കര ടൗൺ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശാ കർമ്മം നിർവ്വഹിച്ചു. തുടർന്ന് പുതിയ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**നവംബർ 16**

രാവിലെ 2.00-ന് ഇരിങ്ങാലക്കുട കുഴിക്കാട്ടുശ്ശേരിയിൽ വി. മറിയം ത്രേസ്യായെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയതിന്റെ കൃതജ്ഞതാ ബലിയർപ്പണത്തിൽ സഹകാർമ്മികനായി വചന സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ വച്ച് ഇരിങ്ങാലക്കുട രൂപതയുടെ ചാരിറ്റബിൾ പ്രോജക്ട് ഉദ്ഘാടനം ചെയ്തു.

**നവംബർ 17**

രാവിലെ 11.00-ന് ഓറിയന്റൽ കോൺഗ്രിഗേഷനിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക ചുമതല വഹിക്കുന്ന റവ. ഫാ. കിം ഡിസൂസയെ തിരുസന്നിധിയിൽ സ്വീകരിച്ചു.

**നവംബർ 18-20**

പാങ്ങോട് സെന്റ് ജോസഫ് ആശ്രമത്തിൽ വച്ച് നടന്ന പ്രെസ്ബിറ്റൽ കൗൺസിലിൽ ആദ്യാവസാനം സംബന്ധിച്ചു.

**നവംബർ 20**

വൈകുന്നേരം 5.00-ന് തിരുവനന്തപുരം പ്രസ് ക്ലബിൽ ശ്രീ. ജെയ്മോൻ ജോസഫ് എഴുതിയ 'ഇടവഴികളിലൂടെ' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു.

വൈകിട്ട് 8.00-ന് പട്ടം തിരുസന്നിധിയിൽ റീജൻസി പരിശീലനം പൂർത്തിയാക്കി പുതിയ സ്ഥലത്തേക്ക് പോകുന്ന വൈദികവിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**നവംബർ 21**

രാവിലെ 10.00-ന് കാതോലിക്കേറ്റ് സെന്ററിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ ഓർഡിനറി ട്രൈബ്യൂണലിന്റെ നേതൃത്വത്തിൽ നടന്ന മലങ്കര കത്തോലിക്കാ സഭയുടെ കാനൻ ലോ കോൺഫറൻസ് - 'ജസ്റ്റീസിയ 2019' ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

വൈകുന്നേരം 4.30-ന് അഞ്ചൽ സെന്റ് ജോൺസ് സ്കൂളിന്റെ വാർഷികദിനാഘോഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**നവംബർ 22**

ഉച്ചയ്ക്ക് 1.30-ന് പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ 'സ്വചരത' എന്ന ഹ്രസ്വചിത്ര ഫെസ്റ്റിവലിന്റെ സമാപന സമ്മേളനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി. തുടർന്ന് വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**നവംബർ 23**

വൈകുന്നേരം 4.30-ന് പൂന സെന്റ് മേരീസ് കത്തീഡ്രലിൽ സെന്റ് എഫ്രേം കട്കി-പൂന ഭദ്രാസനത്തിന്റെ സ്ഥാപന പ്രഖ്യാപനം നടത്തി.

**നവംബർ 24**

രാവിലെ 8.30-ന് മുംബൈ-ഖാർഘർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് ജൂബിലി ആഘോഷങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 3.00-ന് സെന്റ് എഫ്രേം കട്കി ഭദ്രാസനത്തിലെ കൊപ്പോളിയിൽ സെന്റ് മേരീസ് സ്കൂളിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

**നവംബർ 25**

ഉച്ചയ്ക്ക് 12.00-ന് മുംബൈ-സാക്കിനാക്ക സെന്റ് മേരീസ് സ്കൂളിലെ അധ്യാപകരുമായും കൂടികാഴ്ച നടത്തി.

വൈകുന്നേരം 6.15-ന് തിരുസന്നിധിയിൽ ശാലോം ടെലിവിഷനുവേണ്ടി പ്രൊഫ. റൂബിൾരാജുമായി അഭിമുഖ സംഭാഷണം നടത്തി.

വൈകുന്നേരം 8.00-ന് നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ സെന്റ് എഫ്രേം കട്കി രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിതനായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിനെ അനുമോദിച്ചു. അത്യഭിവന്ദ്യ ബാവാ തിരുമേനി കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതിന്റെ

ഏഴാം വാർഷിക ദിനത്തിലെ സന്തോഷം മാർ ഈവാനിയോസ് വിദ്യാനഗറിലെയും സെന്റ് മേരീസ് ക്യാമ്പസിലെയും വൈദികരുമായി പങ്കുവച്ചു.

**നവംബർ 26**

വൈകുന്നേരം 4.30-ന് പോത്തൻകോട് ജീവൻ സ്റ്റുഡിയോ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 5.00-ന് പോത്തൻകോട് മേരിമാതാ സ്കൂളിന്റെ സുവർണ്ണജൂബിലി ആഘോഷ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ച് സന്ദേശം നൽകി.

**നവംബർ 27**

രാവിലെ 10.00-ന് വെള്ളയമ്പലം അതിരൂപതാ ആസ്ഥാനത്ത് കേരളത്തിലെ വിവിധ ക്രൈസ്തവ മേലദ്ധ്യക്ഷന്മാരുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം 8.00-ന് അഞ്ചൽ വൈദികജില്ലാ കൺവെൻഷനിൽ സമാപനസന്ദേശം നൽകി.

**നവംബർ 28**

രാവിലെ 11.00-ന് തുവയൂർ ഈസ്റ്റ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ റവ. ഫാ. ഗീവർഗീസ് കല്ലിട്ടയിലിന്റെ പൗരോഹിത്യ രജതജൂബിലിയിൽ സംബന്ധിച്ച് ആശംസകൾ അർപ്പിച്ചു.

**നവംബർ 30**

രാവിലെ 9.00-ന് ബാംഗ്ലൂർ സിങ്ങസാന്ദ്ര മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിക്കുകയും തുടർന്ന് സന്ദേശം നൽകുകയും ചെയ്തു.

## ജന്മദിനാശംസകൾ

### ഡിസംബർ 2019

01 - റവ. ഫാ. ജോസഫ് കടകംമ്പള്ളിൽ
02 - റവ. ഫാ. ജോർജ് കൈമലയിൽ
05 - റവ. ഫാ. ഡൊമനിക്ക് മാമ്മൂട്ടിൽ
06 - റവ. ഫാ. ജോബിൻ ജേക്കബ് കറുകയിൽ
14 - റവ. ഫാ. അലക്സാണ്ടർ കോയിക്കലേത്ത്
14 - റവ. ഫാ. ഡാനിയേൽ പാലക്കുഴി
19 - വെരി റവ. ഫാ. ജോസ് ചരുവിൽ
27 - റവ. ഫാ. ജോൺസൺ കാക്കനാട്ട്
31 - റവ. ഫാ. രാജു പരുക്കൂർ

## പ്രാർത്ഥനയിൽ ഓർക്കാം

### ഡിസംബർ 2019

02 - റവ. ഫാ. കോശി അയ്യനേത്ത്
06 - റവ. ഫാ. ജോർജ്ജ് പ്ലാപറപടിക്കൽ
07 - റവ. ഫാ. ജോസഫ് മൈലാടിയിൽ
09 - റവ. ഫാ. നൈനാൻ വീട്ടിനാൽ
12 - റവ. ഫാ. ആൽബിൻ തേവലപ്പുറത്ത്
16 - റവ. ഫാ. മാത്യൂസ് ചെരുവള്ളിൽ
17 - റവ. ഫാ. മാത്യു പള്ളത്തുമുറിയിൽ
22 - റവ. ഫാ. വി. റ്റി. തോമസ്
റവ. ഫാ. ജോർജ്ജ് പാലാട്ടി
22 - റവ. ഫാ. ജോർജ്ജ് മലഞ്ചരുവിൽ
26 - റവ. ഫാ. സഖറിയാസ് ചങ്ങങ്കരി
26 - റവ. ഫാ. തോമസ് കൊട്ടാരത്തിൽ

# സ്മരണീയ ദിനങ്ങൾ

## 2019 ഡിസംബർ

| | | |
|---|---|---|
| 1 | **ഞായർ** | **വി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു** |
| | | **ഇരുപത്തഞ്ച് നോമ്പാരംഭം** |
| 3 | ചൊവ്വ | വി. ഫ്രാൻസിസ് സേവ്യർ |
| 4 | ബുധൻ | ഡമാസ്കസിലെ മാർ യോഹന്നാൻ |
| 5 | വ്യാഴം | മാർ സാബാസ്, അലക്സാൺഡ്രിയായിലെ മാർ ക്ലീമിസ് |
| 6 | വെള്ളി | അന്ത്യോക്യായിലെ മാർ തെയോഫിലോസ് |
| 7 | ശനി | വി. അംബ്രോസ് |
| 8 | **ഞായർ** | **യോഹന്നാൻ മാംദാനയുടെ ജനനം** |
| | | **വി. ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ** |
| 10 | ചൊവ്വ | മാർ ബഹനാൻ സഹദായും സഹോദരി സാറായും നാല്പതു |
| | | സഹദേന്മാരും |
| 14 | ശനി | കുരിശിന്റെ വി. യോഹന്നാൻ |
| | | മാർ അബ്രഹാം കിദുനോയൊ |
| 15 | **ഞായർ** | **മാർ യൗസേപ്പിനുണ്ടായ ദർശനം** |
| 16 | തിങ്കൾ | **മാർത്താണ്ഡം ഭദ്രാസന സ്ഥാപനദിനം (1996)** |
| 17 | ചൊവ്വ | മാർ റാബുള |
| 18 | ബുധൻ | മൈലാപ്പൂരിലെ അത്ഭുതകുരിശ് |
| 22 | **ഞായർ** | **യൽദായ്ക്കു മുമ്പുള്ള ഞായർ** |
| 25 | ബുധൻ | **യൽദാപ്പെരുന്നാൾ** (ക്രിസ്തുമസ്) |
| | | **വികാരി കുർബാന** |
| 26 | വ്യാഴം | **വി. ദൈവമാതാവിന്റെ പുകഴ്ച** |
| 28 | ശനി | ശിശുവധം, രാജാവും പ്രവാചകനുമായ ദാവീദ് |
| 29 | **ഞായർ** | **യൽദായ്ക്കുശേഷം ഒന്നാം ഞായർ** |
| | | **ബൈബിൾ ഞായർ** |

## അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

# ഡിസംബർ 2019

| | | | |
|---|---|---|---|
| 1-4 | | - | ജീസസ് യൂത്ത് ഇന്റർനാഷണൽ കോർഡിനേറ്റേഴ്സ് മീറ്റ്, ദുബായ്. |
| 5-6 | | - | കെ.സി.ബി.സി., കൊച്ചി |
| 7 | 3.00 pm | - | ദൈവാലയ കൂദാശ, പുനലൂർ |
| 8 | 9.00 am | - | പുനലൂർ |
| | 2-5 pm | - | പുനലൂർ വൈദികജില്ല അജപാലന സന്ദർശനം (പുനലൂർ) |
| 9 | 9 am-1 pm | - | അഞ്ചൽ വൈദികജില്ല അജപാലന സന്ദർശനം (അഞ്ചൽ) |
| | 2 pm-5 pm | - | ആയൂർ വൈദികജില്ല വൈദികജില്ല അജപാലന സന്ദർശനം (ആയൂർ) |
| | 5.15 pm | - | മാർത്തോമ്മാ ഇടവക, കരവാളൂർ |
| 10 | 6 pm | - | വൈ.എം.സി.എ., തിരുവനന്തപുരം |
| 11 | 9 am-1.00 pm | - | അടൂർ വൈദികജില്ല അജപാലന സന്ദർശനം (അടൂർ) |
| | 2 pm-5 pm | - | കൊട്ടാരക്കര വൈദികജില്ല അജപാലന സന്ദർശനം (കിഴക്കേത്തെരുവ്) |
| 12 | 7.00 am | - | അലകുഴി |
| | 2 pm-5 pm | - | കഴക്കൂട്ടം വൈദികജില്ല അജപാലന സന്ദർശനം (കാര്യവട്ടം) |
| 13 | 9 am-1.00 pm | - | നെടുമങ്ങാട് വൈദികജില്ലാ അജപാലന സന്ദർശനം (തൃപ്പാദം) |
| | 2.00 pm | - | വൈദികസംഗമം (തൃപ്പാദം) |
| | 7.00 pm | - | കാതോലിക്കേറ്റ് സെന്റർ |

14 9 am-1.00 pm - കിളിമാനൂർ വൈദികജില്ല<br>അജപാലന സന്ദർശനം (പിരപ്പൻകോട്)

3 pm - എസ്.എച്ച്. മിഷൻ മീറ്റ്, പാലാ പ്രൊവിൻസ്

15 7.00 am - പത്തനംതിട്ട കത്തീഡ്രൽ

2 pm-5 pm - തിരുവനന്തപുരം വൈദികജില്ല<br>അജപാലന സന്ദർശനം (പട്ടം കത്തീഡ്രൽ)

16 9 am-1.00 pm - മേജർ സുപ്പീരിയേഴ്സിന്റെ സന്ദർശനം<br>(തിരുസന്നിധി)

17 9 am-4.30 pm - തിരുവനന്തപുരത്തുള്ള മേജർ<br>അതിഭദ്രാസനത്തിലെ വിദ്യാഭ്യാസ<br>സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ<br>സന്ദർശനം (തിരുസന്നിധി)

18 12.15 pm - ക്രിസ്തുമസ് പ്രോഗ്രാം - നന്ദാവനം

6.30 pm - ക്രിസ്തുമസ് ഫാമിലി മീറ്റ് - മാർ<br>ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജ്

19 10.00 am - പാലാ കൺവെൻഷൻ - പാലാ

4.00 pm - പരുത്തിയറ, മദ്ബഹാ കൂദാശ

20 5.00 pm - സെന്റ് ജോസഫ്സ് കത്തീഡ്രൽ, പാളയം

21 6.30 am - വി. കുർബാന (പോങ്ങുംമൂട് മഠം)

5.00 pm - പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല

23 9 am - 5 pm - വ്യക്തികളും കുടുംബങ്ങളും<br>അത്യഭിവന്ദ്യ ബാവാ തിരുമേനിയെ<br>സന്ദർശിക്കുന്നു (തിരുസന്നിധി)

25 - ക്രിസ്തുമസ്, പട്ടം കത്തീഡ്രൽ

26 11.00 am - കത്തീഡ്രൽ

2.30 pm - വൈദിക പട്ടം, കത്തീഡ്രൽ

27 10-11.00 am - നാഷണൽ ചിൽഡ്രൻസ് സയൻസ്<br>കോൺഗ്രസ്സ്, ഗീരിദീപം, നാലാഞ്ചിറ

| | | | |
|---|---|---|---|
| 28 | 7.00 am | - | പുത്തൻ കുർബാന - ആയൂർ |
| | 2.30 pm | - | പുത്തൻ കുർബാന - നരിക്കൽ |
| 29 | 8.00 am | - | പുത്തൻ കുർബാന - അടൂർ |
| | 11.30 am | - | ചെങ്ങന്നൂർ |
| | 3.00 pm | - | പുലിയൂർ |
| 30 | 11.00 am | - | പത്തനാപുരം |
| 31 | 9 am-12 noon | - | വിവിധ പ്രേഷിത കാര്യാലയങ്ങളുടെ പ്രതിനിധികളുടെ സന്ദർശനം (തിരുസന്നിധി) |
| | 6.00 pm | - | തൂത്തൂട്ടി കൺവെൻഷൻ |

# പൗരോഹിത്യ രജതജൂബിലി


Silver Jubilee






## റവ. ഫാ. തോമസ് കുഴിനാപ്പുറത്ത്

ചീക്കനാൽ കുഴിനാപ്പുറത്ത് കെ.ടി. ജോണിന്റെയും അന്നമ്മ ജോണിന്റെയും മകനായി 1969 ഏപ്രിൽ 5-ാം തീയതി ജനിച്ചു. സെന്റ് അലോഷ്യസ് സെമിനാരി, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, സെന്റ് ജോസഫ് സെമിനാരി, ആലുവ എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1994 ഡിസംബർ 26-ന് തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്റർ ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം തിരുമേനിയിൽനിന്ന് പുത്തൻപീടിക ദൈവാലയത്തിൽ വച്ച് വൈദികപട്ടം സ്വീകരിച്ചു. ചോഴിയക്കോട്, മടത്തറ, ജവഹർ കോളനി, പേഴുംമൂട്, ചാന്നാങ്കര, കഴക്കൂട്ടം, ആറ്റിങ്ങൽ, കാരക്കാട്, കുറിച്ചിമുട്ടം, നൂറനാട്, കുരമ്പാല, ബാർട്ടൺഹിൽ, കാട്ടുവിള തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. മേജർ അതിഭദ്രാസനത്തിന്റെ ചാൻസിലറായും സേവനമനുഷ്ഠിച്ചു. പൗരസ്ത്യ കാനൻ നിയമ സംഹിതയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. ഇപ്പോൾ മേജർ അതിഭദ്രാസനത്തിന്റെ ജുഡീഷ്യൽ വികാറായും ദീപിക ദിനപത്രത്തിന്റെ തിരുവനന്തപുരം റസിഡന്റ് മാനേജരായും സേവനമനുഷ്ഠിക്കുന്നു.






## റവ. ഫാ. ജോൺ വിളയിൽ

ഇളമാട് വിളയിൽ വൈ. കുഞ്ഞുകുട്ടിയുടെയും റെബേക്കായുടെയും മകനായി 1968 ഒക്ടോബർ 25-ാം തീയതി ജനിച്ചു. സെന്റ് അലോഷ്യസ് സെമിനാരി, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, കോട്ടയം എന്നിവിടങ്ങളിൽ വൈദികപരിശീലനം പൂർത്തിയാക്കി 1994 ഡിസംബർ 28-ാം തീയതി ആയൂർ ദൈവാലയത്തിൽ വച്ച് തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്റർ ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം തിരുമേനിയിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. മുളവന, മരുതൂർ, കാരുവേലിൽ, ചോഴിയക്കോട്, മടത്തറ, ജവഹർ കോളനി, പേഴുംമൂട്, നരിക്കൽ, തിരുവഴി, പോത്തൻകോട്, അരശുംമൂട്, ആറ്റിങ്ങൽ, പള്ളിപ്പുറം, ബാർട്ടൺഹിൽ എന്നിവിടങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഡയറക്ടറായും മേജർ അതിഭദ്രാസന പ്രൊക്യുറേറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ആറ്റിങ്ങൽ ദൈവാലയത്തിന്റെ വികാരിയായും മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജിന്റെ ബർസാറായും സേവനമനുഷ്ഠിക്കുന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ജൂബിലി മംഗളങ്ങൾ!**



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത
സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം
കൊട്ടാരക്കര ടൗൺ (15 - 10 - 2019)

Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116